ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 274–ാം ദിവസം

താം രാജകന്യാം രഥമാരുരുക്ഷതീം
ജഹാര കൃഷ്ണോ ദ്വിഷതാം സമീക്ഷതാം
രഥം സമാരോപ്യ സുപർണ്ണലക്ഷണം
രാജന്യചക്രം പരിഭൂയ മാധവ: (10–53–55)

*ശുകമുനി തുടർന്നു:*

പുഞ്ചിരിയോടെ, താനും രുഗ്മിണിയുമായി അതീവ പ്രണയത്തിലാണെന്നും അവളെ വിവാഹം കഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഭഗവാൻ ബ്രാഹ്മണനെ അറിയിച്ചു. എന്നിട്ട് വിവാഹത്തിന്റെ മുഹൂർത്തവും മറ്റും ബ്രാഹ്മണനിൽ നിന്നും മനസ്സിലാക്കി. എന്നിട്ട് സ്വയം തയ്യാറായി, വേഗതയേറിയ ഒരു രഥമേറി ഒറ്റ രാത്രി കൊണ്ട് വിദർഭയിലെത്തിച്ചേർന്നു.

വിദർഭയിൽ ഭീഷ്മക രാജാവ് വിവാഹാഘോഷങ്ങൾക്കായി വിപുലമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. ബ്രാഹ്മണർ വേദശാസ്ത്രാധിഷ്ഠിതമായ എല്ലാ യാഗകർമ്മങ്ങളും നടത്തി. രാജാവ് സ്വയം വിലപിടിച്ച സമ്മാനങ്ങൾ ദാനമായി നൽകി. ചേടിരാജാവും തന്റെ പുത്രൻ ശിശുപാലന്റെ സന്തോഷത്തിനായി വേണ്ടത്ര ഒരുക്കങ്ങൾ നടത്തിയിരുന്നു. ശിശുപാലനും കുടുംബവും വിദർഭയിലെത്തി. അവരെ ഭീഷ്മകൻ പ്രത്യേകമായി കെട്ടിപ്പടുത്ത സൗധങ്ങളിൽ താമസിപ്പിച്ചു. ശിശുപാലന്റെ സുഹൃത്തുക്കളായ അസുരൻമാരും അവിടെ എത്തിയിരുന്നു. കൃഷ്ണനും കൂട്ടരും അവിടെവന്നു കുഴപ്പമുണ്ടാക്കിയാൽ നേരിടാൻ അവർ തയ്യാറായിരുന്നു. അവരും പല കൊട്ടാരങ്ങളിൽ താമസമാക്കി. കൃഷ്ണൻ വിദർഭയിലേക്ക് പുറപ്പെട്ടിട്ടുണ്ടെ ന്നറിഞ്ഞ ബലരാമൻ ഒരു പടയുമായി അങ്ങോട്ടു തിരിച്ചു.

കൃഷ്ണനും ബലരാമനും വന്നിട്ടുണ്ടെന്നറിഞ്ഞ ഭീഷ്മകൻ അവരെ ഭക്തി ബഹുമാന പുരസ്സരം സ്വീകരിച്ചു. അവർക്കായി ഒരു കൊട്ടാരമൊരുക്കി. രുഗ്മിണി അക്ഷമയായി ബ്രാഹ്മണദൂതന്റെ വരവും പ്രതീക്ഷിച്ചിരുന്നു. അവൾക്ക് പ്രത്യാശയില്ലാതായിത്തുടങ്ങി. 'എന്നിൽ ഏതെങ്കിലും കുറവു കണ്ട് ഭഗവാൻ എന്നെ പാണിഗ്രഹണം ചെയ്യേണ്ട എന്ന് തീരുമാനിച്ചു കാണും.' അവൾ കണ്ണീരൊതുക്കി ക്ഷേത്രത്തിലേക്ക് പോവാൻ ഒരുങ്ങി. വഴിയിൽ സദ്‌ലക്ഷണങ്ങൾ കണ്ട് അവൾക്ക് പ്രതീക്ഷയുണ്ടായി. ആ സമയത്ത് ദൂതു പോയ ബ്രാഹ്മണനെ ദൂരത്തായി അവൾ കണ്ടു. അധികം സംസാരിക്കാതെ തന്നെ അവർ സന്ദേശം കൈമാറി. അവൾ അംബികാദേവിയോട് വേഗം തന്നെ കൃഷ്ണനെ വരിക്കാനായി പ്രാർത്ഥിക്കുകയും ചെയ്തു. കൃഷ്ണൻ വന്നിട്ടുണ്ടെന്ന് വിവാഹാഘോഷയാത്ര കണ്ടു നിന്നിരുന്ന നഗരവാസികൾക്കറിയാമായിരുന്നു. കൃഷ്ണനെക്കണ്ട് രുഗ്മിണിക്കനുരൂപനായി മറ്റാരുമില്ലെന്ന് അവർ പരസ്പരം പറഞ്ഞു.

പൂജകൾക്കു ശേഷം പ്രസാദവും വാങ്ങി രുഗ്മിണി ക്ഷേത്രത്തിന് പുറത്തു കടന്നു. കാത്തു നിന്ന രഥത്തിനടുത്തേക്ക് അവൾ നടന്നു. വയസ്സറിയിച്ചിട്ടില്ലെങ്കിലും സൗന്ദര്യധാമമായിരുന്ന രുഗ്മിണി കണ്ണു കൊണ്ട് കൃഷ്ണനെ അവിടെയെത്തിയിരുന്ന രാജകുമാരൻമാർക്കിടയിൽ തിരഞ്ഞു. രാജകുമാരൻമാർ അവളുടെ സൗന്ദര്യത്തിൽ മതിമറന്ന് ശ്വാസം നഷ്ടപ്പെട്ടപോലെ നിൽപ്പായി. അവൾ രഥമേറാൻ തുടങ്ങിയപ്പോഴേക്കും കൃഷ്ണൻ ഒരു രഥത്തിൽ പാഞ്ഞടുത്ത് അവളുടെ കൈപിടിച്ചുയർത്തിയെടുത്ത് രഥത്തിലിരുത്തി മറ്റുള്ളവർ നിസ്സഹായരായി നോക്കി നിൽക്കേ വേഗത്തിൽ കടന്നുകളഞ്ഞു. എന്നാൽ കൃഷ്ണന്റെ രഥം ദ്വാരകയിലേക്ക് കുതിക്കുമ്പോൾ ജരാസന്ധന്റെ നേതൃത്വത്തിൽ രാജകുമാരൻമാർ പരസ്പരം ഇങ്ങിനെ പറഞ്ഞു. 'എത്ര നാണക്കേടാണിത്? വീരയോദ്ധാക്കളായ നാം നോക്കി നിൽക്കെ ഇടയൻമാർ രാജകുമാരിയെയും കൊണ്ട് കടന്നു കളഞ്ഞു.'